# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 മാർച്ച് 9

# വാർത്താക്കുറിപ്പ്

## പരീക്ഷകൾ മാറ്റി

മാർച്ച് 16 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം, അവസാന വർഷ തിയറി പരീക്ഷകൾ മാറ്റി. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/345/2020)

## എം.ജി. സെനറ്റ് തെരഞ്ഞെടുപ്പ് ഇന്ന് (മാർച്ച് 10)

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റിലെ ഗവൺമെന്റ് കോളേജ്, പ്രൈവറ്റ് കോളേജ് അധ്യാപകരുടെ മണ്ഡലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് ഇന്ന് (മാർച്ച് 10) നടക്കും. രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് ഒരുമണി വരെയാണ് വോട്ടെടുപ്പ്. അതത് കോളേജുകളിൽ പോളിംഗ് ബൂത്തുകൾ ക്രമീകരിച്ചിട്ടുണ്ട്.

(പി.ആർ.ഒ/39/346/2020)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2018 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 16 മുതൽ 27 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/347/2020)

2020 ഫെബ്രുവരിയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.വോക് ഡിഗ്രി - മാർക്കറ്റിങ് മാനേജ്മെന്റും ഐ.ടി.യും, റീടെയിൽ മാനേജ്മെന്റും ഐ.ടി.യും (2014 സ്കീം - 2018 അഡ്മിഷൻ റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 16ന് മാന്നാനം കെ.ഇ. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/348/2020)

## പരീക്ഷാഫലം

2019 ഓഗസ്റ്റിൽ നടന്ന നാലാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് (2011-2014, 2015 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/349/2020)

2019 ഡിസംബറിൽ നടന്ന പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം. എൽ.എൽ.ബി. (ഓണേഴ്സ് - റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/350/2020)

2019 നവംബറിൽ നടന്ന ആറാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - റഗുലർ/സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/351/2020)

2019 ജൂലൈയിൽ നടന്ന മൂന്നാം വർഷ ബി.എസ്സി. നഴ്സിംഗ് (പഴയ സ്കീം - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 23 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/352/2020)

2019 മെയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.ബി.എ., ബി.സി.എ., ബി.ബി.എം., ബി.എസ്.ഡബ്ല്യു., ബി.ടി.എസ്., ബി.എഫ്.ടി., ബി.പി.ഇ. (സി.ബി.സി.എസ്.എസ്. - മോഡൽ 3) സപ്ലിമെന്ററി (2013-2016 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു .പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 23 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/353/2020)

## 'ഗാന്ധിയും കേരളവും'; ദ്വിദിന ദേശീയ സെമിനാർ എം.ജി.യിൽ നാളെ (മാർച്ച് 11) മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല ഗാന്ധിയൻ പഠനവിഭാഗവും കേരള ചരിത്ര ഗവേഷണ കൗൺസിലും സംയുക്തമായി 'ഗാന്ധിയും കേരളവും' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ദ്വിദിന ദേശീയ സെമിനാർ നാളെ (മാർച്ച് 11) ആരംഭിക്കും. 'ഗാന്ധിയും സംഗീതവും', 'ഗാന്ധിയും മലയാള സിനിമയും', 'ഗാന്ധിയും കേരള രാഷ്ട്രീയവും', 'ഗാന്ധിയും ശ്രീനാരായണ ഗുരുവും', 'ഗാന്ധിയുടെ കേരള സന്ദർശനം' തുടങ്ങിയ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടക്കും. വി. സനിൽ, കെ. അരവിന്ദാക്ഷൻ, കെ.ജി. ജഗദീശൻ, റിയാസ് കോമു, സി.എസ്. വെങ്കിടേശ്വരൻ, കെ. വേണു, പി.എൻ. ഗോപീകൃഷ്ണൻ, എസ്. ഗോപാലകൃഷ്ണൻ, അമൃതലാൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. 11ന് രാവിലെ 10ന് 'ഗാന്ധി; നാട്ടുനടപ്പും നല്ല നടപ്പും' എന്ന വിഷയത്തിൽ വി.സനിലിന്റെ മുഖ്യപ്രഭാഷണത്തോടെയാണ് സെമിനാർ ആരംഭിക്കുക.

(പി.ആർ.ഒ/39/354/2020)

## നാഷണൽ റിസർച്ച് അവാർഡ് പ്രൊഫ. സാബു തോമസിന് സമ്മാനിച്ചു

നാനോസയൻസ്-ടെക്നോളജിയിൽ വിശിഷ്ട സംഭാവനകൾ നൽകിയ ഇന്ത്യൻ ശാസ്ത്രജ്ഞർക്ക് കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പ് നാനോമിഷന്റെ ഭാഗമായി ഏർപ്പെടുത്തിയ നാഷണൽ റിസർച്ച് അവാർഡ് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറും പ്രമുഖ പോളിമർ നാനോസയൻസ് ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസിന് കൈമാറി. കൊൽക്കത്ത എസ്.എൻ. ബോസ് നാഷണൽ സെന്റർ ഫോർ ബയോസയൻസസിൽ നടന്ന നാനോ സയൻസ് ടെക്നോളജി രാജ്യാന്തര കോൺഫറൻസിൽ ശാസ്ത്ര സാങ്കേതിക വകുപ്പ് സെക്രട്ടറി പ്രൊഫ. അഷുതോഷ് ശർമയാണ് പുരസ്കാരം സമ്മാനിച്ചത്. പ്രൊഫ. എ.കെ. സൂദ്, ഡോ. സൗരഭ് ലോധ, ഡോ. വിവേക് പോൾഷെത്തോവർ എന്നിവർ സന്നിഹിതരായി.

പ്രമുഖ ശാസ്ത്രജ്ഞനായ പ്രൊഫ. സി.എൻ.ആർ. റാവു അധ്യക്ഷനായ സെലക്ഷൻ കമ്മിറ്റിയാണ് പ്രൊഫ. സാബു തോമസിനെ പുരസ്കാരത്തിനായി തെരഞ്ഞെടുത്തത്. ഒരു ലക്ഷം രൂപയും ബഹുമതിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.

## ഫോട്ടോ ക്യാപ്ഷൻ

**നാനോസയൻസ്-ടെക്നോളജിയിൽ വിശിഷ്ട സംഭാവനകൾ നൽകിയ ഇന്ത്യൻ ശാസ്ത്രജ്ഞർക്ക് കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പ് നാനോമിഷന്റെ ഭാഗമായി ഏർപ്പെടുത്തിയ നാഷണൽ റിസർച്ച് അവാർഡ് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറും പ്രമുഖ പോളിമർ നാനോസയൻസ് ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസിന് കൊൽക്കത്ത എസ്.എൻ. ബോസ് നാഷണൽ സെന്റർ ഫോർ ബയോസയൻസസിൽ നടന്ന ചടങ്ങിൽ ശാസ്ത്ര സാങ്കേതിക വകുപ്പ് സെക്രട്ടറി പ്രൊഫ. അഷുതോഷ് ശർമ സമ്മാനിക്കുന്നു**

(പി.ആർ.ഒ/39/355/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ